(ബി) ഈ കമ്മിറ്റിയുടെ നിയമനം എന്നാണ് നടന്നത്;

(സി) കമ്മിറ്റിയുടെ ജോലികൾ എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്?

റാവു സാഹിബ് പി. വി. രാഘവൻ:

(എ) ഫൻ ര ന്നു നവമ്പർ ഫ-ാംനു-വരെ രണ്ടു യോഗങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഫൻ ര ന്നു സെപ്തമ്പർ ഫനു-ാംനു.

(സി) കാലം ക്ലിപ്തമായി പറയുവാൻ സാധിക്കയില്ല. എങ്കിലും കഴിയുന്ന വേഗത്തിൽ ജോലികൾ പൂർത്തിയാക്കണമെന്നാണ് കമ്മിറ്റിയുടെ വിചാരം.

FLAGS ON THE MOTOR CARS OF THE MINISTERS

90. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ —

(എ) കൊച്ചിയിലെ ബഹുമാനപ്പെട്ട മന്ത്രിമാർ അവരുടെ മോട്ടോർ കാറുകളിൽ സാധാരണ ഉപയോഗിക്കാറുള്ളത് ഏതുതരം കൊടിയടയാളമാണ്;

(ബി) ബ്രിട്ടീഷ് കൊടിയോ, കോൺഗ്രസ്സ് കൊടിയോ, കൊച്ചിയിലെ കൊടിയോ;

(സി) കൊച്ചിയിലെ കൊടി ഉപയോഗിക്കുന്നില്ലെങ്കിൽ അതു ഉപയോഗിക്കുവാൻ വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) & (ബി) ചില മന്ത്രിമാർ കൊച്ചിയിലെ കൊടിയും ചില മന്ത്രിമാർ കോൺഗ്രസ്സുകൊടിയും ഉപയോഗിക്കുന്നു.

(സി) കൊച്ചിയിലെ കൊടി ഉപയോഗിക്കുവാൻ വിരോധമില്ല.

91. **Mr. K. Balakrishna Menon** *(Cheruthuruthi):* Will Government be pleased to state.—

(*a*) if the report in the paper "Express" published from Trichur dated 30th October 1946 regarding the removal of the Cochin Flag from the car of the Minister for Food and Education is true;

(*b*) if so, the reasons for the same?

Mr. B. V. K. Menon *(Secretary to Government):*

(*a*) No. The extract of the report in the question is not correct.

(*b*) Does not arise.

SALARY ON HIGH SCHOOL PANDITS

92. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഹൈസ്കൂളുകളിലെ ഭാഷാപണ്ഡിതന്മാരുടെ ശമ്പളത്തോത് എപ്രകാരമാണ്;

(ബി) അവർക്ക് ഹൈസ്കൂളിലെ മറ്റു അദ്ധ്യാപകന്മാരെപ്പോലെ തന്നെ ഇൻ-ാ-ാ-ാ